പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1470

22-03-2013 – ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ.ബഷീർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) മൂന്നു ലക്ഷം രൂപവരെയുള്ള കാർഷിക ലോണുകൾക്ക് പൂർണ്ണമായും പലിശ ഒഴിവാക്കിക്കൊടുക്കുന്ന സാഹചര്യം പ്രയോജനപ്പെടുത്തി നമ്മുടെ കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ, അതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക് നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പരമാവധി 3 ശതമാനം പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി നൽകേണ്ട പലിശയിൽ പരമാവധി 5 ശതമാനം അധികരിക്കാത്ത തുക കർഷകന് അനുവദിക്കുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത് ആയതിൻപ്രകാരം. സഹകരണ ബാങ്കുകൾ മുഖേന നൽകുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ ലഭിക്കുന്നത്. ഇപ്രകാരം വായ്പ നൽകുന്നതിലൂടെ കർഷകർക്ക് യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള പ്രേരണ ഉണ്ടാകുന്നു. അങ്ങനെ കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുവാനും പുതിയ ഉണർവ്വും ഉന്മേഷവും നൽകി കാർഷിക അഭിവൃദ്ധി ഉണ്ടാക്കുവാനും സാധിക്കുന്നു. |

(സി) കാർഷിക മേഖലയ്ക്ക് പ്രതിവർഷം നൽകുന്ന കാർഷിക വായ്പാത്തുക യുടെ തോത് കണക്കാക്കിയി ട്ടുണ്ടോ; അതുമൂലം പ്രതീക്ഷിക്കുന്ന ഉത്പാദന വർദ്ധന നിരീക്ഷിക്കാൻ സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

(സി) കാർഷിക മേഖലയ്ക്ക് സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷമായി വിതരണം ചെയ്ത വായ്പയുടെ കണക്ക് ചുവടെ കൊടുക്കുന്നു

2009-2010 - 24124 കോടി രൂപ

2010-2011 - 28601 കോടി രൂപ

2011 - 2012 - 34304 കോടി രൂപ

ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ വിലയിരുത്തൽ നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ